ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 05.10.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. നാടോടികളായ ഗോത്രങ്ങളുടെയും സമുദായങ്ങളുടെയും വികസനത്തിന് കേന്ദ്രസർക്കാർ പ്രതിജ്ഞാബദ്ധമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi says that the Central government is committed to the development of nomadic tribes and communities.**

2. മഹാരാഷ്ട്രയിലെ ഠാണെയിൽ 32,800 കോടി രൂപയുടെ വിവിധ പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കമിട്ടു; പി എം കിസാൻ സമ്മാൻ നിധിക്ക് കീഴിൽ 9.4 കോടി കർഷകർക്ക് 20,000 കോടി രൂപ വിതരണം ചെയ്തു

   **The Prime Minister launched various projects worth Rs 32,800 crore in Thane, Maharashtra; 20,000 crore disbursed to 9.4 crore farmers under PM Kisan Samman Nidhi**

3. ഹരിയാന നിയമസഭ തിരഞ്ഞെടുപ്പിലേക്കുള്ള വോട്ടെടുപ്പ് പൂർത്തിയായി. വൈകിട്ട് ആറു വരെ 61 ശതമാനം പോളിംഗ്

   **Polling for Haryana Assembly Elections is over. 61 percent polling till 6 pm**

4. കേരളത്തിൻറെ പൊതു വിദ്യാഭ്യാസ രംഗം രാജ്യത്തിന് മാതൃകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

**Kerala's public education sector is a model for the country says CM Pinarayi Vijayan**

5. **ആകാശവാണി വാർത്താവതാരകനും കൗതുകവാർത്തകളിലൂടെ മലയാളിയുടെ പ്രിയശബ്ദത്തിനുടമയുമായ എം.രാമചന്ദ്രൻ അന്തരിച്ചു.**

**Renowned news Reader of Akashvani M. Ramachandran, passed away today in Thiruvananthapuram**

6. **വനിതാ ട്വിന്റി ട്വന്റി ലോകകപ്പിൽ ശ്രീലങ്കയ്ക്കെതിരെ ഓസ്ട്രേലിയയ്ക്ക് 6 വിക്കറ്റ് ജയം.**

**In Women's Twenty20 World Cup, Australia beats Sri Lanka by 6 wickets**

**&&&&&&&&&&&&&&&&&&**

## PM THANE

മഹാരാഷ്ട്രയിലെ ഠാണെയിൽ 32,800 കോടി രൂപയുടെ വിവിധ പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഉദ്ഘാടനവും തറക്കല്ലിടലും നിർവ്വഹിച്ചു. മുംബൈയും ഠാണെയും പോലുള്ള നഗരങ്ങൾ വികസിത ഭാരതം സൃഷ്ടിക്കാൻ തയ്യാറാവണമെന്ന് പ്രധാനമന്ത്രി പറഞ്ഞു. അടൽ സേതു, മുംബൈ മെട്രോ, തീരദേശ റോഡ് എന്നിവയുൾപ്പെടെ മുംബൈ മെട്രോപൊളിറ്റൻ മേഖലയിലെ വിവിധ അടിസ്ഥാന സൗകര്യ പദ്ധതികൾ എടുത്തുപറഞ്ഞ പ്രധാനമന്ത്രി, ഈ പദ്ധതികൾ ജനങ്ങളുടെ ജീവിതം സുഗമമാക്കുക മാത്രമല്ല വ്യവസായത്തെ പ്രോത്സാഹിപ്പിക്കുകയും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുമെന്നും പറഞ്ഞു. രാജ്യത്ത്

അടിസ്ഥാന സൗകര്യ വികസനത്തിനൊപ്പം ദാരിദ്ര്യനിർമ്മാർജ്ജനവും കേന്ദ്രസർക്കാർ സാധ്യമാക്കിയതായി പ്രധാനമന്ത്രി ആത്മവിശ്വാസം പ്രകടിപ്പിച്ചു.

*(ഹോൾഡ് പിഎം.വോയിസ്)*

&&&&&&&&&&&&&&&&&&

## PM MAHARASHTRA

നാടോടികളായ ഗോത്രങ്ങളുടെയും സമുദായങ്ങളുടെയും വികസനത്തിന് കേന്ദ്രസർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. സർക്കാരിൻ്റെ എല്ലാ തീരുമാനങ്ങളും നയങ്ങളും വികസിത ഇന്ത്യ എന്ന ലക്ഷ്യത്തിന് സമർപ്പിക്കുന്നുവെന്നും കർഷകരാണ് ഈ കാഴ്ചപ്പാടിൻ്റെ പ്രധാന അടിത്തറയെന്നും ശ്രീ മോദി പറഞ്ഞു. മഹാരാഷ്ട്രയിലെ വാഷിമിൽ ഏകദേശം 23,300 കോടി രൂപയുടെ കാർഷിക, മൃഗസംരക്ഷണ മേഖലകളുമായി ബന്ധപ്പെട്ട വിവിധ സംരംഭങ്ങൾക്ക് തുടക്കം കുറിക്കുകയായിരുന്നു അദ്ദേഹം. ബഞ്ചാര സമുദായത്തിൻ്റെ സമ്പന്നമായ പൈതൃകം പ്രദർശിപ്പിക്കുന്ന ബഞ്ചാര വിരാസത് മ്യൂസിയം വാഷിമിലെ പൊഹരാദേവിയിൽ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു. പ്രധാനമന്ത്രി-കിസാൻ സമ്മാൻ നിധിയുടെ 18-ാം ഗഡുവായ ഏകദേശം 20,000 കോടി രൂപ 9.4 കോടി കർഷകർക്ക് അദ്ദേഹം വിതരണം ചെയ്തു.

&&&&&&&&&&&&&&&&&&

## VICE-PRES - NORTHEAST

വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ രാജ്യത്തിൻ്റെ ഹൃദയവും ആത്മാവുമാണെന്ന് ഉപരാഷട്രപതി ജഗ്ദീപ് ധൻഖർ. ന്യൂഡൽഹിയിൽ ഒരു സ്വകാര്യ പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. വടക്കുകിഴക്കൻ മേഖല ഭൂമിശാസ്ത്രപരമായ പ്രദേശം മാത്രമല്ല, ഇന്ത്യയുടെ സത്തയെ ഉൾക്കൊള്ളുന്ന സംസ്കാരങ്ങളുടെയും പാരമ്പര്യങ്ങളുടെയും പ്രകൃതിസൗന്ദര്യത്തിൻ്റെയും നേർക്കാഴ്ചയാണെന്നും അദ്ദേഹം പറഞ്ഞു. മാധ്യമങ്ങൾ വടക്കുകിഴക്കൻ സംസ്ഥാനങ്ങളുടെ

അംബാസഡർമാരാകണമെന്നും ടൂറിസം, വികസനം എന്നിവയിൽ മേഖലയുടെ സാധ്യതകൾ ഉയർത്തിപ്പിടിക്കണമെന്നും ഉപരാഷ്ട്രപതി അഭ്യർത്ഥിച്ചു.

&&&&&&&&&&&&&&&&&&

## PM-KHADI INDIA

ഖാദി ഇന്ത്യ കൈവരിച്ച പുതിയ വിൽപ്പന റെക്കോർഡിനെ പ്രധാനമന്ത്രി നരേന്ദ്ര മോദിയും ആഭ്യന്തര മന്ത്രി അമിത് ഷായും ഇന്ന് അഭിനന്ദിച്ചു. ഗാന്ധി ജയന്തി ദിനത്തിൽ ന്യൂഡൽഹിയിലെ ഖാദി ഭവനിൽ ഒരു ദിവസം കൊണ്ട്

2 കോടി, 1 ലക്ഷത്തി, 37,000 രൂപയുടെ ഉൽപ്പന്നങ്ങൾ വിറ്റു. ഈ നേട്ടം പ്രോത്സാഹജനകമാണെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. അതേസമയം, ഖാദിയും

പ്രാദേശിക ഉൽപ്പന്നങ്ങളും വാങ്ങാനുള്ള പ്രധാനമന്ത്രി യുടെ അഭ്യർത്ഥന വിപ്ലവകരമാണെന്ന് ആഭ്യന്തര മന്ത്രി അമിത് ഷാ അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&

## HARYANA VOTER TURN OUT

ഹരിയാന നിയമസഭ തിരഞ്ഞെടുപ്പിൽ പ്രാഥമിക വിലയിരുത്തലിൽ 61 ശതമാനം പോളിങ് രേഖപ്പെടുത്തി. 90 മണ്ഡലങ്ങളിൽ ഒറ്റഘട്ടമായി നടന്ന വോട്ടെടുപ്പ് രാവിലെ ഏഴു മുതൽ വൈകിട്ട് ആറുവരെയായിരുന്നു. രണ്ട് കോടി മൂന്ന് ലക്ഷം വോട്ടർമാരാണ് 1,031 സ്ഥാനാർത്ഥികളുടെ വിധി നിർണയിച്ചത്. സംസ്ഥാനത്തൊട്ടാകെ 20,632 പോളിങ് സ്‌റ്റേഷനുകളിൽ സ്വതന്ത്രവും നീതിയുക്തവും സുഗമവുമായ വോട്ടെടുപ്പ് ഉറപ്പാക്കുന്നതിന് ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങളും വെബ്കാസ്റ്റിംഗ് സൗകര്യവും ഒരുക്കിയിരുന്നു.

&&&&&&&&&&&&&&&&&&

## EAM-SCO

ഈ മാസം ഇസ്ലാമാബാദിൽ നടക്കുന്ന ഷാങ്ഹായ് കോ-ഓപ്പറേഷൻ ഓർഗനൈസേഷൻ ഉച്ചകോടിയിൽ പാക്കിസ്ഥാനുമായുള്ള ബന്ധം സംബന്ധിച്ച ചർച്ചകളിൽ ഇന്ത്യ ഇടപെടില്ലെന്ന് വിദേശകാര്യ മന്ത്രി എസ് ജയശങ്കർ പറഞ്ഞു. ന്യൂഡൽഹിയിൽ ഐസി സെന്റർ ഫോർ ഗവേണൻസ് സംഘടിപ്പിച്ച സർദാർ പട്ടേൽ അനുസ്മരണ

പ്രഭാഷണത്തിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. അടുത്ത കാലത്തായി യോഗങ്ങൾ നടക്കാത്തതിനാൽ സാർക്ക് പുരോഗമിക്കുന്നില്ലെന്ന് കേന്ദ്രമന്ത്രി ചൂണ്ടിക്കാട്ടി. മറ്റേതൊരു അയൽരാജ്യത്തേയും പോലെ ഇന്ത്യയും പാക്കിസ്ഥാനുമായി നല്ല ബന്ധം പുലർത്താനാണ് ആഗ്രഹിക്കുന്നതെന്നും എന്നാൽ അതിർത്തി കടന്നുള്ള ഭീകരതയെ അനുവദിക്കില്ലെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

**CM -KERALA**

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ കേരളത്തിൻറെ പൊതു വിദ്യാഭ്യാസ രംഗം രാജ്യത്തിന് മാതൃകയായെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാനത്തെ സ്കൂളുകളിൽ നിർമ്മിച്ച 30 പുതിയ ഹൈടെക് കെട്ടിട സമുച്ചയങ്ങളുടെയും സ്മാർട്ട് ക്ലാസുകളുടെയും ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി. 2022 ൽ കേന്ദ്ര സർക്കാർ പുറത്തുവിട്ട കണക്കുകൾ പ്രകാരം കേരളത്തിൽ 45 ലക്ഷത്തോളം കുട്ടികൾ സർക്കാർ-എയ്ഡഡ് വിദ്യാലയങ്ങളിൽ പഠിക്കുന്നവരാണെന്നും മുഖ്യമന്ത്രി പറഞ്ഞു. സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനം മാത്രം സാധ്യമാക്കുന്നതിനു പുറമെ അവരുടെ ശേഷികൾ വികസിപ്പിക്കുന്നതിനുള്ള ഇടപെടലുകൾ അധ്യാപകരുടെ ഭാഗത്തുനിന്ന് ഉണ്ടാവണമെന്നും ശ്രീ പിണറായി വിജയൻ പറഞ്ഞു.

&&&&&&&&&&&&&&&&&&&

**M RAMACHANRAN**

ആകാശവാണി വാർത്താ അവതാരകനായിരുന്ന എം. രാമചന്ദ്രൻ അന്തരിച്ചു. 91 വയസ്സായിരുന്നു. തിരുവനന്തപുരത്ത് ഇന്ന് ഉച്ചയ്ക്കായിരുന്നു അന്ത്യം. നാളെ രാവിലെ 10.30 ന് തിരുവനന്തപുരം പ്രസ് ക്ലബിൽ പൊതുദർശനത്തിനു ശേഷം 11ന് തൈക്കാട് ശാന്തികവാടത്തിൽ സംസ്കാരം നടക്കും.

കൗതുകവാർത്തകളുടെ അവതരണത്തിലൂടെ ഏറെ ജനശ്രദ്ധ നേടിയ എം. രാമചന്ദ്രൻ ആകാശവാണിയിൽ വാർത്താ അവതാരകർക്ക് ഗുരുസ്ഥാനീയനായിരുന്നു. തന്റെ സ്വതസിദ്ധമായ അവതരണ രീതിയും ഭാഷാ ശുദ്ധിയും അദ്ദേഹത്തെ വ്യത്യസ്തനാക്കി. ഒരുകാലത്ത് മലയാളി കാത്തിരുന്ന, ആകാശവാണി വാർത്തകളുടെ ശബ്ദമായിരുന്നു എം. രാമചന്ദ്രൻ....

(VOICE)

ആകാശവാണിയുടെ ഡൽഹി, തിരുവനന്തപുരം നിലയങ്ങളിൽ ദീർഘകാലം സേവനമനുഷ്ഠിച്ചിട്ടുണ്ട്.

എം. രാമചന്ദ്രന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു. വാർത്താപ്രക്ഷേപണ രംഗത്ത് തനതായ വ്യക്തിത്വത്തിനും വേറിട്ട ശബ്ദത്തിനും ഉടമയായ മാധ്യമപ്രവർത്തകനായിരുന്നു എം രാമചന്ദ്രനെന്ന് മുഖ്യമന്ത്രി അനുസ്മരിച്ചു.

&&&&&&&&&&&&&&&&&&

## VEENA GEORGE

¬കേരളത്തിൽ പകർച്ചവ്യാധി പ്രതിരോധത്തിൻറെ ഭാഗമായി രോഗ വ്യാപന കാരണം കണ്ടെത്തുന്നതിന് എല്ലാ ജില്ലകളിലും സംയോജിത പരിശോധനാ സംവിധാനം നടപ്പിലാക്കുമെന്ന് മന്ത്രി വീണാ ജോർജ്. മനുഷ്യനെ ഗുരുതരമായി ബാധിക്കാവുന്ന രോഗങ്ങളുടെ വ്യാപനം കണ്ടെത്തുന്നതിനും സ്ഥിരീകരിക്കുന്നതിനും ആവശ്യമായ നിയന്ത്രണ മാർഗങ്ങൾ സ്വീകരിക്കുന്നതിനുമാണ് വിവിധ വകുപ്പുകൾ സംയോജിതമായി പരിശോധനകൾ നടത്തുന്നതെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## SABARIMALA ONLIE

ശബരിമലയിൽ ഇത്തവണ ഓൺലൈൻ ബുക്കിങ്ങ് മാത്രം അനുവദിക്കാൻ മുഖ്യമന്ത്രി പിണറായി വിജയൻറെ അധ്യക്ഷതയിൽ ചേർന്ന മണ്ഡല- മകരവിളക്ക് മഹോത്സവ മുന്നൊരുക്കങ്ങളുടെ അവലോകന യോഗത്തിൽ തീരുമാനം. ഒരു ദിവസം പരമാവധി 80,000 പേർക്ക് ദർശന സൗകര്യം ഒരുക്കും.

വെർച്ച്വൽ ക്യൂ ബുക്കിങ്ങ് സമയത്ത് തന്നെ യാത്രാ വഴി തെരഞ്ഞെടുക്കാനുള്ള അവസരം ഒരുക്കും. നിലക്കലിലും എരുമേലിയിലും പാർക്കിങ്ങിന് കൂടുതൽ സൗകര്യം ഏർപ്പടുത്താനും തീരുമാനമായി.

&&&&&&&&&&&&&&&&&&&

## CLASSICAL LANGUAGES

അസമീസ്, ബംഗാളി, മറാത്തി, പാലി, പ്രാകൃത് ഭാഷകൾക്ക് കൂടി ശ്രേഷ്ഠ ഭാഷാ പദവി നൽകാനുള്ള കേന്ദ്ര മന്ത്രിസഭ തീരുമാനത്തെ അഭിനന്ദിച്ച് അക്കാദമിക് വിദഗ്ധരും ഗവേഷകരും. ഇന്ത്യൻ നാഗരികതയുടെയും ബുദ്ധമതത്തിൻ്റെയും സംസ്കാരത്തിൻ്റെയും വളർച്ചയ്ക്ക് പാലി അനിവാര്യമാണെന്ന് ബനാറസ് ഹിന്ദു സർവകലാശാലയിലെ പാലി ആൻഡ് ബുദ്ധിസ്റ്റ് സ്റ്റഡീസ് വിഭാഗത്തിലെ സീനിയർ പ്രൊഫസർ ഡോ. സിദ്ധാർത്ഥ് സിംഗ് ആകാശവാണി വാർത്തകളോട് പറഞ്ഞു.

(ഹോൾഡ്- വോയ്സ്)

&&&&&&&&&&&&&&&&&&&

## CRICKET

വനിതാ ട്വിൻ്റി ട്വൻ്റി ലോകകപ്പിൽ ശ്രീലങ്കയ്ക്കെതിരെ ഓസ്ട്രേലിയയ്ക്ക് 6 വിക്കറ്റ് ജയം. നേരത്തെ ശ്രീലങ്ക ഉയർത്തിയ 94 റൺസ് വിജയലക്ഷ്യം 14.2 ഓവറിൽ ആണ് ഓസ്ട്രേലിയ മറികടന്നത്. ഇതോടെ രണ്ട് പോയിൻറുമായി ന്യൂസ്ലൻറിന് പിന്നാലെ ഗ്രൂപ്പ് എ-ൽ രണ്ടാമതാണ് ഓസ്ട്രേലിയ.

&&&&&&&&&&&&&&&&&&&

## PRALHAD–GERMANY VISIT

കേന്ദ്ര മന്ത്രി പ്രൾഹാദ് ജോഷിയുടെ മൂന്ന് ദിവസത്തെ ജർമ്മനി സന്ദർശനത്തിന് നാളെ തുടക്കമാകും. സന്ദർശന വേളയിൽ ഹാംബർഗ് സുസ്ഥിര സമ്മേളനത്തിൽ കേന്ദ്രമന്ത്രി പങ്കെടുക്കും. സുസ്ഥിര വികസനം, ഹരിത ഹൈഡ്രജൻ, പുനരുപയോഗ ഊർജ്ജ മൂല്യ ശൃംഖല എന്നിവയിൽ സഹകരണം വർദ്ധിപ്പിക്കുന്നതിനായി ജർമ്മനിയിലെയും ബ്രിട്ടണിലേയും മന്ത്രിമാരുമായും മറ്റ് മുതിർന്ന ഉദ്യോഗസ്ഥരുമായും അദ്ദേഹം ഉഭയകക്ഷി ചർച്ച നടത്തും.

&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&
&&&&&&&&&&&&
&&&&&&&&&&
&&&&&&&&
&&&&&&
&&&&
&&&
&&
&